# കൊക്കകോള കമ്പനിക്കെതിരെ നാട്ടുകാർ രംഗത്ത്

പാലക്കാട് : ചിറ്റൂർ താലൂക്കിലെ പെരുമാടി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കൊക്കകോള ഫാക്ടറി ഉടൻ അടച്ചുപൂട്ടണമെന്ന് ആവശ്യപ്പെട്ട് ജനകീയ പ്രക്ഷോഭം, മണ്ണ് - വായു - ജലം മലിനീകരണം, കുടിവെള്ളക്ഷാമം, നിയമലംഘനം തുടങ്ങിയവ ചൂണ്ടിക്കാണിച്ചാണ് പ്രക്ഷോഭം. പൗരാവകാശ ജനകീയ സംഘടന (പി. യു. സി. എൽ.), ജില്ലാ ആദിവാസി സംരക്ഷണസംഘം, പത്തിച്ചിറ - ഹരിത ഡെവലെപ്മെന്റ് അസോസിയേഷൻ എന്നീ സംഘടനകളുടെ നേതൃത്വത്തിൽ എഴുന്നൂറോളം ആദിവാസികൾ കമ്പനിക്കുമുന്നിൽ ധർണ്ണ നടത്തി.

ബഹുരാഷ്ട്രകുത്തകകൾ ഇന്ത്യ വിടുക. ജീവജലത്തിലും പ്രാണവായുവിലും വിഷം കലർത്തുന്ന കോള കമ്പനി അടച്ചു പൂട്ടുക. തുടങ്ങിയ മുദ്രാവാക്യങ്ങളെഴുതിയ പ്ലക്കാർഡുകളുമേന്തിയായിരുന്നു സമരം.

മൂന്നു ഷിഫ്റ്റുകളിലായി മുപ്പതോളം കുഴൽ കിണറുകളിൽ നിന്ന് പ്രതിദിനം പതിനഞ്ചു ലക്ഷത്തിലധികം ലിറ്റർ വെള്ളം കമ്പനി ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നതായി നാട്ടുകാർ ആരോപിക്കുന്നു. കമ്പനി പ്രവർത്തനം തുടങ്ങി മൂന്നു വർഷം പിന്നിട്ടതോടെ മൂന്നു കിലോമീറ്റർ ചുറ്റളവിലുള്ള മുഴുവൻ കിണറുകളും ഉപ്പുവെള്ളമായിക്കഴിഞ്ഞു. അതോടൊപ്പം ജില്ലയിലെ പ്രധാന നീർമറി പ്രദേശമായ ഇവിടത്തെ കിണറുകളും കുളങ്ങളും വറ്റിത്തുടങ്ങുകയും ചെയ്യുന്നു. മീങ്കര, വെങ്കലക്കയം, കമ്പാലത്തറ എന്നീ മൂന്നു ചെറുകിട അണക്കെട്ടുകളിലും ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്.

കേരള ലാന്റ് യൂട്ടിലൈസേഷൻ (കെ. എൽ. യു.) ഓർഡർ ഇല്ലാതെയാണ് കൃഷിഭൂമി നികത്തി കൊക്കകോള കമ്പനി സ്ഥാപിച്ചിരിക്കുന്നത് എന്നാണ് മറ്റൊരു ആരോപണം. പതിനായിരക്കണക്കിനു ജനങ്ങൾ കെ. എൽ. യു. കിട്ടാതെ നട്ടം തിരിയുമ്പോൾ ബഹുരാഷ്ട്രകമ്പനി നിയമം കാറ്റിൽ പറത്തി കോടികൾ കൊയ്യുന്നതായി സമരസമിതി ചൂണ്ടിക്കാട്ടുന്നു.

ശക്തമായ മനുഷ്യാവകാശ നിയമലംഘനങ്ങളാണ് കൊക്കകോള കമ്പനി നടത്തുന്നതെന്നും അതിനെതിരെ ഭരണകൂടം കണ്ണടയ്ക്കുന്നത് രാഷ്ട്രീയപ്രേരിതമാണെന്നും സമരസമിതി പറയുന്നു.

കൊക്കകോള കമ്പനിക്കെതിരെയുള്ള പ്രക്ഷോഭപരിപാടികൾ തുടരുന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായവും മറ്റും ആദിവാസി സംരക്ഷണസംഘം, പ്ലാച്ചിമട, കന്നിമാരി (പി. ഒ.) പാലക്കാട് ജില്ല എന്ന വിലാസത്തിൽ അയയ്ക്കണമെന്ന് സമരസമിതി അഭ്യർത്ഥിച്ചു.